# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1064** **11.02.2016 ൽ മറുപടിക്ക്**

## സൗജന്യ യൂണിഫോം പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ.സാജു പോൾ | | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) | വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷം മുതലാണ്; ലക്ഷ്യം വിശദമാക്കാമോ; | എ) | നിലവിലുണ്ട്. 2012-13 മുതൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ യൂണിഫോം അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് കൂടി അനുവദിച്ച് 29.05.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 177/2013/പൊ.വി.വ പ്രകാരം സർക്കാർ തീരുമാനിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവ./എയിഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് 2013 ൽ തീരുമാനമെടുത്തത്. |
| ബി) | ഏത് വർഷമാണ് അവസാനമായി പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ ; പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ; | ബി) | 2013 മുതൽ എല്ലാ വർഷവും യൂണിഫോം വിതരണം നടത്തുന്നുണ്ട്. ഈ അധ്യയനവർഷവും യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | പ്രസ്തുത ആനുകൂല്യം ലഭിക്കാനുള്ള മാനദണ്ഡം എന്തൊക്കെയെന്നും ഓരോ വിദ്യാർത്ഥിക്കും വേണ്ടി എന്തു തുകയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ; | സി) | പൊതു വിദ്യാഭ്യാസ മേഖലയിൽ 1-ആം ക്ലാസ്സ് മുതൽ 8-ആം ക്ലാസ്സ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവ./എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുവാനാണ് തീരുമാനമെടുത്തത്. ഓരോ വിദ്യാർത്ഥിക്കും 2 ജോടി യൂണിഫോമിനായി 400/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| ഡി) | യൂണിഫോമിനായി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ